നമ്പർ. C2/1194/20/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 22.01.2020

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - പിന്നാക്ക വിഭാഗ വിദ്യാർത്ഥികളിൽ നിന്നും മുൻകൂർ ഫീസ് ഈടാക്കുന്ന നടപടി അവസാനിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ(സാധാ)നം126/2019/പി.വി.വി.വ. തീയതി 21.11.2019
2. 30.12.2019 എന്നീ തീയതിയിലെ പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നം.ബി.സി.ഡി.ഐ.ആർ./ബി2/308/2019(2) നമ്പർ കത്ത്.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഒ.ഇ.സി. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ഫീസിനത്തിൽ അനുവദിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ അക്കൗണ്ടിലുമാണ് നൽകി വരുന്നത്. എന്നാൽ ചില സ്ഥാപനങ്ങൾ ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളിൽ നിന്നും മുൻകൂർ ഫീസ് ഈടാക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ടെന്നും ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി.ക്ക് തത്തുല്യ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഇത്തരത്തിൽ ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കർശന നിർദേശം നൽകിയും, ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ഇത്തരം കേസുകൾ പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ. മേൽ സൂചന ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഫീസാനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളിൽനിന്നും യാതൊരുകാരണവശാലും മുൻകൂർ ഫീസ് ഇടാക്കാതതെന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് തലത്തിൽ കർശന നിർദേശം നൽകണമെന്നും മേൽ സൂചന പ്രകാരം പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ഫീസാനുകൂല്യത്തിന് അർഹതയുള്ള മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽനിന്നും യാതൊരു കാരണവശാലും മുൻകൂർ ഫീസ് ഇടാക്കാൻ പാടില്ല എന്നുള്ള വിവരം ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നു.

ഡോ. കെ.പി ഇന്ദിരാദേവി
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികളുടെയും അറിവിലേക്കായി
(ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്